മിസ്റ്റർ എം. ഐ. പോൾ: ഈ സ്കൂളിലേക്കു പലരും സംഭാവനകൾ കൊടുത്തിട്ടുള്ളതു മുഴുവൻ ഉദ്ദേശയോഗ്യപ്പെടുത്തിക്കൊടുക്കുന്നു എന്നാക്ഷേപമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേറെ എന്തെല്ലാം ആക്ഷേപങ്ങൾ ഉണ്ടെന്നു പറയണമെങ്കിൽ നോട്ടീസ് വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അബലാശരണത്തിലെ ടീച്ചേഴ്സ് അധികവും അവിടത്തന്നെയല്ലെ താമസിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയായിരിക്കാം.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ സ്കൂളിന്റെ ശരിയായ നടത്തിപ്പിനു വേണ്ടി ഒരു കമ്മറ്റിയെ വെക്കണമെന്നു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: അതിനെപ്പറ്റി വല്ല തീരുമാനവും എടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കാം. ഇതു് ഒരു പ്രൈവറ്റ് സ്കൂളാണു്. പ്രൈവറ്റ് സ്കൂളുകളിൽ ഗവൺമെണ്ടിനു് ഇങ്ങിനെയുള്ള ഒരു കമ്മിറ്റിയെ വെക്കാമോ എന്നു സംശയമാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: മാനേജ്മെന്റ് സ്കൂൾ ശരിയായി നടത്തുന്നില്ലെന്നുപറയുന്നു. അതിനു കാരണമുണ്ടു്. അപ്പോൾ ഒരു കമ്മറ്റി ഉണ്ടെങ്കിൽ ശരിയായി നടത്താൻ കഴിയും. അതിനു ഗവൺമെണ്ടു് വല്ല നടപടിയും എടുക്കുമോ എന്നു വ്യക്തമായി പറഞ്ഞാൽ കൊള്ളാം.

Mr. President: Order, order. The Hon'ble Member is making a speech.

LANDING CRAFTS—PROFIT AND LOSS—PARTICULARS OF

187. (171) Mr. P. K. Krishnankutty Menon *(Velladrapilli):* Will Government be pleased to state.—

(*a*) the amount of capital expenditure incurred by Government for the purchase of landing crafts, boats, etc., for running the Ferry between Ernakulam and Mattancheri;

(*b*) the annual establishment charges to be incurred for its running;

(*c*) the net profit or loss, if any, of the Government by running the Ferry for the first one year?

Mr. K. Ayyappan *(Minister for Works and Revenue):*

(*a*) Rs. 2,49,281—11—8 till the end of 1123.

(*b*) Rs. 66,780—7—0 (for 8½ months since nationalisation on 15th Vrischigam 1123).

(*c*) Rs. 21,552—0—9 (Net profit till the end of 1123).

മിസ്റ്റർ പി. കെ. ഡീവർ: ക, ര൯, ക വ ഫ ത്രുപാ എന്നു പറയുന്നതു് ഇവിടെ ഉപയോഗിക്കുന്ന ലാൻഡിംഗ് ക്രാഫ്ടിന്റെ വിലമാത്രമാണൊ! അതൊ വേറെയും പല ലാൻഡിംഗ് ക്രാഫ്ട്സ് കാണുന്നുണ്ടു്. അതിന്റെ വിലകൂടി ഉൾപ്പെട്ടുമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: എല്ലാ ലാൻഡിംഗ്ക്രാഫ്ട്സിന്റെയും വില ഉൾപ്പെട്ടുമായിരിക്കും.

മിസ്റ്റർ പി. കെ. ഡീവർ: ഇപ്പോൾ കടത്തിനു് ഉപയോഗിക്കുന്നവ കൂടാതെ ബാക്കിയുള്ളതിന്റെ വില കൂടി ഉൾപ്പെട്ടുമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: തീച്ചുപറയണമെങ്കിൽ നോട്ടീസുവേണം.

മിസ്റ്റർ ടി. പി. സീതാരാമൻ: ഇവിടെ പറഞ്ഞിട്ടുള്ള ലാഭം Establishment ചാർജ്ജസ് കഴിച്ചിട്ടുള്ളതാണൊ?

മിസ്റ്റർ കെ. അയ്യപ്പൻ: Establishment charges-ഉം മറ്റും കഴിച്ചുബാക്കിയുള്ള ലാഭമാണു്.

മിസ്റ്റർ എം. ഐ. പോൾ: ഗവൺമെണ്ടു് ഏറ്റെടുക്കുന്നതിനു മുമ്പു ഈ ലൈനിൽ ഒരു ബോട്ടുകൾ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നും അറിയാമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: എത്ര ബോട്ടുകൾ ഉണ്ടായിരുന്നുവെന്നു പറയണമെങ്കിൽ നോട്ടീസുവേണം.

മിസ്റ്റർ എം. ഐ. പോൾ: ഈ ഒരു ബോട്ടുകൾ കൊണ്ടുമാത്രം ഈ കടത്തു നടക്കുകയില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: പോരാ എന്നാണു പറയുന്നതു്. ഇപ്പോൾ അത്യാവശ്യം നേരിട്ടാൽ ഉപയോഗിക്കുന്നതിനു രണ്ടു ലാൻഡിംഗ് ക്രാഫ്റ്റ്സ് വേറെ വെച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. സി. മായൻ കുട്ടിമേത്തർ: ഈ Ferry ലേലം വിളിച്ചു കൊടുത്തിരുന്ന കാലത്തു് ഗവൺമെണ്ടിനു കിട്ടിയിരുന്ന സംഖ്യ കുറച്ചിട്ടുള്ള സംഖ്യയാണൊ ഇവിടെ പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ കെ. അയ്യപ്പൻ: അതു കുറച്ചിട്ടില്ല. കുറക്കേണ്ട ആവശ്യമില്ല. ഒരു സംഗതി ബഹുമാനപ്പെട്ട സഭയിൽ പറയേണ്ടതുണ്ടു്. അതായതു് ലാൻഡിംഗ ക്രാഫ്റ്റ്സ് വച്ചുനടത്തിയകാലത്തെ കണക്കാണു് കാണിച്ചിട്ടുള്ളതു്. ലാൻഡിംഗ് ക്രാഫ്റ്റ്സ് മാത്രം വച്ചുനടത്തിയ കാലത്തു ഗവൺമെണ്ടിനു ലാഭമില്ല. ഇപ്പോൾ ഗവൺമെണ്ടിനു വളരെ ലാഭമുണ്ടാകുന്നുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: ഈ ലാൻഡിംഗ്ക്രാഫ്റ്റ് കൊണ്ടു സമയം നഷ്ടപ്പെടുന്നുണ്ടെന്നു് അറിയാമൊ?

Mr. President: How does that question arise? That is about expenditure.

മിസ്റ്റർ പി. കെ. ഡീവർ: കടത്തു സർവ്വീസിനെപ്പറ്റി പല ആക്ഷേപങ്ങളും ഉണ്ടായിരുന്നില്ലെ? അതും കൂടി നോക്കിയല്ലെ ഗവൺമെണ്ടു് ഈ കടത്തു് ഏറ്റെടുത്തതു്?

മിസ്റ്റർ കെ. അയ്യപ്പൻ: ഉണ്ടായിരിക്കാം. നോട്ടീസുവേണം.

മിസ്റ്റർ ടി. പി. സീതാരാമൻ: ഈ കടത്തു വ്യക്തികൾ നടത്തിക്കൊണ്ടിരുന്നപ്പോൾ ഗവൺമെണ്ടിലേക്കു് എന്തു ലാഭമുണ്ടായിരുന്നു?

മിസ്റ്റർ കെ. അയ്യപ്പൻ: ഏതാണ്ടു് ൦൦൦ രൂപാ കിട്ടിയ കൊല്ലമുണ്ടായിരുന്നു. ചിലപ്പോൾ അതിൽ കൂടുതൽ കിട്ടിയകൊല്ലവുമുണ്ടു്.

LAND ACQUISITION FOR PLAY GROUND—ELAMKULAM ST. JOHN'S SCHOOL

188. (247) മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമൊ.—

(എ) എളങ്കുളം സെൻറ് ജോൺസ്സ് സ്കൂളിൽ ഗ്രൗണ്ടിനും മാറ്റംവേണ്ടി കുറെ സ്ഥലം അക്വയർ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടൊ;

(ബി) ഇതിനുവേണ്ടി സംഖ്യ സ്കൂൾകാർ അടച്ചുകഴിഞ്ഞിട്ടുണ്ടൊ;

(സി) ഉണ്ടെങ്കിൽ എന്നാണു് അടച്ചതു്, എത്രസംഖ്യ അടച്ചു, സ്ഥലം കൊടുപ്പാൻ താമസം എന്താണു്?

മിസ്റ്റർ സി. എ. മൗസേപ്പു്:

(എ) ഉവ്വു്.

(ബി) ഉവ്വു്.

(സി) ൧൯൬൫. ഫെബ്രുവരി. ൦൫.

ഫെബ്രുവരി ൧൯൬൫ യിൽ അടച്ചു.

ലാൻറ് അക്വിസിഷൻ നടപടികളും പൂർത്തിയാക്കി അവാർഡു പാസ്സാക്കി പ്രതിഫലം കൊടുത്തതിനുശേഷമേ സ്ഥലം ഏറ്റെടുവാനും ഏൽപിച്ചു കൊടുക്കുവാനും തരമുള്ളൂ. അതിനു കുറെ സമയം വേണ്ടിവന്നു. ഫെബ്രുവരി ൧൯൬൫ തുലാം ൨൫-ാംനു പ്രതിഫലം കൊടുത്തു. ഫെബ്രുവരി ൧൯൬൫ വൃശ്ചികം ൧൫-ാംനു സ്കൂൾ ഉടമസ്ഥന്മാക്കു സ്ഥലം കൈവശം ഏൽപിച്ചു കൊടുത്തു.

മിസ്റ്റർ വി. കെ. ജോസഫ്: എത്ര Ground ആണിതു്; എന്താവശ്യത്തിനാണു് എടുത്തിട്ടുള്ളതു്?

മിസ്റ്റർ സി. എ. മൗസേപ്പു്: സ്കൂൾ Ground ആണു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഫെബ്രുവരി ൧൯൬൫-തുലാം ൨൫-ാംനു പണം അടച്ചു എന്നു പറയുന്നുണ്ടു്. ഫെബ്രുവരി ൧൯൬൫-വൃശ്ചികം ൧൫-ാംനു മാത്രമാണു് സ്ഥലം കൈവശം ഏല്പിച്ചുകൊടുത്തിട്ടുള്ളതു്. ഈ ഒരു കൊല്ലത്തെ താമസത്തിനെന്താണു് കാരണം?

മിസ്റ്റർ സി. എ. മൗസേപ്പു്: അതു പലർക്കും സ്ഥലം ഒഴിഞ്ഞുകൊടുക്കുവാൻ വേറെ സ്ഥലം കിട്ടുന്നതുവരെ അവിടെത്തന്നെ താമസിക്കേണ്ടിവരും. അങ്ങിനെയൊക്കെ വന്നിട്ടുള്ളതാമസമായിരിക്കാം?

LIBRARY ARCHIVES Kerala Legislative Assembly